

DISCOVER
ITS BEAUTY

ഭാഗം-5

# അല്ലാഹുവിന്റെ
(ഏകസത്യദൈവം)
# മനോഹര നാമങ്ങൾ

ഡോ. നാജി ഇബ്രാഹീം

بسم الله الرحمن الرحيم

**പരമ കാരുണ്യവാനും കരുണാനിധിയുമായ**
**അല്ലാഹുവിന്റെ നാമത്തിൽ**

## അല്ലാഹുവിന്റെ (ഏകസത്യദൈവം) മനോഹര നാമങ്ങൾ


വിശുദ്ധ ഖുർആനും പ്രവാചകൻ മുഹമ്മദും (ദിവ്യശാന്തി അവരിൽ സദാ വർഷിക്കട്ടെ) ഏകസത്യദൈവമായ അല്ലാഹുവിന്റെ നാമങ്ങളെക്കുറിച്ച് നമ്മെ പഠിപ്പിക്കുന്നു. ഉദാഹരണത്തിന്, ഖുർആൻ പറയുന്നു:

**"അല്ലാഹുവിനു ഏറ്റവും നല്ലതായ [അത്യുൽകൃഷ്ടമായ] നാമങ്ങളുണ്ട്; ആകയാൽ, അവ [ആ നാമങ്ങൾ] കൊണ്ട് നിങ്ങൾ അവനെ വിളിച്ചു (പ്രാർത്ഥി)ച്ചു കൊള്ളുവിൻ"** (7:180)

നാം അല്ലാഹുവിനോട് പ്രാർത്ഥിക്കുമ്പോൾ, അവന്റെ മനോഹരമായ നാമങ്ങളോ നമ്മുടെ അഭ്യർത്ഥനയുമായോ ആവശ്യവുമായോ ബന്ധപ്പെട്ട പ്രസക്തമായ നാമങ്ങളോ വിളിക്കുന്നത് പ്രോത്സാഹിപ്പിക്കപ്പെടുന്നു. ഉദാഹരണത്തിന്, നമ്മുടെ അഭ്യർത്ഥന ജീവിതത്തിലെ അവശ്യവസ്തുക്കളുമായി ബന്ധപ്പെട്ടതാണെങ്കിൽ, ദാതാവ് എന്നർത്ഥമുള്ള അൽ-റസാഖ് എന്ന് നമുക്ക് വിളിക്കാം. ഈ നാമങ്ങൾ അല്ലാഹു ഒന്നിലധികമുണ്ടെന്ന സൂചനയല്ല നൽകുന്നത്, മറിച്ച്, ഏകസത്യദൈവമായ അല്ലാഹുവിന്റെ വ്യത്യസ്ത വിശേഷണങ്ങളെ വിവരിക്കുകയാണവ.

മനുഷ്യരായ നമുക്ക് അല്ലാഹുവിന്റെ മഹത്വം യഥാവിധി ഗ്രഹിക്കാൻ ഒരിക്കലും കഴിയില്ല. എന്നാൽ, അല്ലാഹുവിനെക്കുറിച്ചും അവനെ പ്രസാദിപ്പിക്കുന്ന കാര്യങ്ങളെക്കുറിച്ചും കൂടുതലറിയുന്തോറും അവനെ കൂടുതൽ നന്നായി സ്നേഹിക്കാനും ആരാധിക്കാനും നമുക്ക് കഴിയും. അല്ലാഹുവിന്റെ നാമങ്ങളും വിശേഷണങ്ങളും പഠിച്ച് മനസ്സിലാക്കുന്നതിലൂടെ അല്ലാഹുവിനെയറിയുന്നത് നമുക്ക് ഇഹത്തിലും പരത്തിലും മനസ്സമാധാനം നൽകുന്നു. കാരണം, എല്ലാം അല്ലാഹുവിന്റെ കൈകളിലാണെന്നും അവന്റെ ഇഷ്ടപ്രകാരമാണ് സംഭവിക്കുന്നതെന്നുമുള്ള പരമമായ യാഥാർത്ഥ്യം നാം അംഗീകരിക്കുന്നു.

അല്ലാഹുവിന് മാത്രമുള്ള നാമങ്ങൾ മനുഷ്യൻ ഉപയോഗിക്കുന്നത് ഉചിതമല്ല. മുസ്‌ലിംകൾക്ക് പലപ്പോഴും അബ്ദുൽ ("ദാസൻ" എന്നർത്ഥം) എന്ന് തുടങ്ങുന്ന നാമങ്ങളും തുടർന്ന് അല്ലാഹുവിന്റെ ഒരു നാമവുമുണ്ടാകാറുണ്ട്.




# അൽ- റഹീം

കരുണാമയൻ. അല്ലാഹുവിന്റെ കാരുണ്യത്തിന്റെ അടുത്തെത്താൻ പോലും നമുക്ക് ഒരിക്കലും കഴിയില്ലെങ്കിലും, നമുക്കത് വിലമതിക്കുകയും മറ്റുള്ളവരോട് പരമാവധി കരുണ കാണിക്കാൻ ശ്രമിക്കുകയും ചെയ്യാം.


അങ്ങനെ വരുമ്പോൾ, അബ്ദുല്ല എന്നാൽ "അല്ലാഹുവിന്റെ ദാസൻ" അബ്ദുൽ–റഹ്മാൻ എന്നാൽ "അൽ–റഹ്മാന്റെ (പരമ കാരുണ്യവാൻ) ദാസൻ" എന്നിങ്ങനെ അർത്ഥമാക്കുന്നു.

നമ്മുടെ സത്യദൈവമായ അല്ലാഹുവിന്റെ നാമങ്ങളെക്കുറിച്ച് കൂടുതൽ അറിയുന്നതും അവനിലും അവന്റെ വിശേഷണങ്ങളിലും വിശ്വസിക്കുന്നതും, മറ്റുള്ളവരുമായി ചേർന്ന് പ്രവർത്തിക്കുമ്പോഴും ഇടപഴകുമ്പോഴുമെല്ലാം, അല്ലാഹു പരമകാരുണ്യവാൻ, കരുണാനിധി, ഏറ്റവും കൃപയുള്ളവൻ, കരുണാമയൻ, ന്യായാധിപൻ, സർവജ്ഞൻ, എല്ലാം കാണുന്നവൻ, എല്ലാം മാപ്പാക്കുന്നവൻ, അങ്ങേയറ്റം ദയാലു, പരമാർത്ഥം മുതലായ വിശേഷണങ്ങൾക്കുടമയാണെന്ന ബോധ്യത്തിലേക്ക് നമ്മെ എത്തിക്കുന്നു.

നമ്മുടെ സ്വന്തം ജീവിതത്തിൽ, മനുഷ്യപ്രാപ്തിയുടെയും ശേഷിയുടെയും പരിധിക്കുള്ളിൽ നിന്ന് കൊണ്ട് ഈ മനോഹരമായ വിശേഷണങ്ങൾ പ്രാവർത്തികമാക്കേണ്ടത് അനിവാര്യമാണ്.



**ഇനി നമുക്ക് അല്ലാഹുവിന്റെ നാമങ്ങളെക്കുറിച്ച് കൂടുതലറിയാം.**



# അൽ-സലാം




എല്ലാ ന്യൂനതകളിൽ നിന്നും മുക്തനായ പൂർണതയുടെയും സമാധാനത്തിന്റെയും ഉറവിടം. അവൻ എല്ലായ്പ്പോഴും പൂർണനാണ്. രോഗിയാവുക, വിശക്കുക, ദാഹിക്കുക, തണുക്കുക പോലുള്ള മാനുഷികാവസ്ഥകളൊന്നും അല്ലാഹുവിനുണ്ടാവില്ല.

# അല്ലാഹുവിന്റെ മനോഹര നാമങ്ങൾ

**അറബിയിലുള്ള അല്ലാഹുവിന്റെ മനോഹരമായ ചില നാമങ്ങളും മലയാളത്തിലുള്ള അവയുടെ അർത്ഥങ്ങളുമാണിവ:**

**അല്ലാഹു:** ഏകസത്യദൈവത്തിന്റെ ശരിയായ നാമം.

**അൽ–റഹ്മാൻ:** എല്ലാ സൃഷ്ടികളോടും കരുണ കാണിക്കുന്ന കരുണാമയൻ, പരമകാരുണികൻ, ഏറ്റവും കൃപയുള്ളവൻ.

**അൽ–റഹീം:** കരുണാമയൻ. അല്ലാഹുവിന്റെ കാരുണ്യത്തിന്റെ അടുത്തെത്താൻ പോലും നമുക്ക് ഒരിക്കലും കഴിയില്ലെങ്കിലും, നമുക്കത് വിലമതിക്കുകയും മറ്റുള്ളവരോട് പരമാവധി കരുണ കാണിക്കാൻ ശ്രമിക്കുകയും ചെയ്യാം.

**അൽ–മാലിക്:** സകല ആകാശങ്ങളുടെയും ഭൂമിയുടെയും അധികാരമുള്ള പരമാധികാരിയായ കർത്താവ്.

**അൽ–നൂർ:** നമുക്ക് വെളിച്ചം പകരുകയും നമ്മെ നയിക്കുകയും ചെയ്യുന്ന പ്രകാശം. അൽ–നൂർ എന്ന അധ്യായത്തിൽ ഖുർആൻ നമ്മോട് പറയുന്നു: "**അല്ലാഹു ആകാശങ്ങളുടെയും ഭൂമിയുടെയും പ്രകാശമാകുന്നു**" (ഖുർആൻ, 24:35).

**അൽ ഖുദ്ദൂസ്:** പരിശുദ്ധൻ, പവിത്രൻ, അനുഗ്രഹീതൻ.

**അൽ–സലാം:** എല്ലാ ന്യൂനതകളിൽ നിന്നും മുക്തനായ പൂർണതയുടെയും സമാധാനത്തിന്റെയും ഉറവിടം. അവൻ എല്ലായ്പ്പോഴും പൂർണനാണ്. രോഗിയാവുക, വിശക്കുക, ദാഹിക്കുക, തണുക്കുക പോലുള്ള മാനുഷികാവസ്ഥകളൊന്നും അല്ലാഹുവിനുണ്ടാവില്ല.

# അൽ-റസാഖ്




എല്ലാ ജീവജാലങ്ങൾക്കും
ഉപജീവനവും സുരക്ഷയും
മാർഗ്ഗനിർദ്ദേശവും
നൽകുന്ന ദാതാവ്

# അല്ലാഹുവിന്റെ മനോഹര നാമങ്ങൾ (തുടരുന്നു)

**അൽ–റസാഖ്:** എല്ലാ ജീവജാലങ്ങൾക്കും ഉപജീവനവും സുരക്ഷയും മാർഗ്ഗനിർദ്ദേശവും നൽകുന്ന ദാതാവ്.

**അൽ–ബസീർ:** പ്രപഞ്ചത്തിൽ നടക്കുന്നതെല്ലാം കാണുന്നവൻ.

**അൽ–സമീഉ:** എല്ലാം കേൾക്കുന്നവൻ. നമ്മൾ അവനെ വിളിക്കുകയോ അവനോട് പ്രാർത്ഥിക്കുകയോ ചെയ്യുമ്പോൾ അവൻ നമ്മെ കേൾക്കുന്നു.


**അൽ–അളീം:** തന്റെ സൃഷ്ടികളിലെ മറ്റെന്തിനേക്കാളും, മറ്റാരെക്കാളും വലിയ മഹാൻ.

**അൽ–ഗഫൂർ:** പശ്ചാത്തപിക്കുകയും തന്നിലേക്ക് മടങ്ങുകയും ചെയ്യുന്നവർക്ക് നിരന്തരം മാപ്പ് നൽകുന്ന, എല്ലാം പൊറുത്തു കൊടുക്കുന്നവൻ.

**അൽ–തവ്വാബ്:** പശ്ചാത്താപം സ്വീകരിക്കുന്നവൻ. പാപികൾ പശ്ചാത്തപിച്ച് തന്നിലേക്ക് മടങ്ങുന്നത് അല്ലാഹു ഇഷ്ടപ്പെടുന്നു, നമ്മുടെ ആത്മാർത്ഥമായ പശ്ചാത്താപം അവൻ തുടർച്ചയായി സ്വാഗതം ചെയ്യുകയും സ്വീകരിക്കുകയും ചെയ്യുന്നു. നേരെമറിച്ച്, നമ്മോട് ഏറ്റവും അടുപ്പമുള്ള മനുഷ്യർ പോലും, നമ്മുടെ തെറ്റുകൾ അംഗീകരിക്കാനും പിന്നീട് അതേ ആവേശത്തോടെ നമ്മെ തിരികെ സ്വീകരിക്കാനും മടുപ്പ് കാണിക്കാറാണല്ലോ പതിവ്.

**അൽ–അലിയ്യ്:** തന്റെ എല്ലാ സൃഷ്ടികളേക്കാളും മുകളിലുള്ള അത്യുന്നതൻ, ഉൽകൃഷ്ടൻ.

**അൽ–വദൂദ്:** നീതിയും അനുസരണയും ഉള്ളവരെ സ്നേഹിക്കുകയും നമ്മുടെ ദൈനംദിന ജീവിതത്തിൽ ആ സ്നേഹം പ്രകടിപ്പിക്കുകയും ചെയ്യുന്ന ഏറ്റവും സ്നേഹമുള്ളവൻ. അവന്റെ സ്നേഹത്തിന് നാം നന്ദി കാണിക്കുകയും നമുക്കുണ്ടാകണമെന്ന് നാം ആഗ്രഹിക്കുന്നവ മറ്റുള്ളവർക്കും ആഗ്രഹിച്ചുകൊണ്ട് അവരെ സ്നേഹിക്കുകയും ചെയ്യണം.



# അൽ-വദൂദ്




നീതിയും അനുസരണയും ഉള്ളവരെ സ്നേഹിക്കുകയും നമ്മുടെ ദൈനംദിന ജീവിതത്തിൽ ആ സ്നേഹം പ്രകടിപ്പിക്കുകയും ചെയ്യുന്ന ഏറ്റവും സ്നേഹമുള്ളവൻ. അവന്റെ സ്നേഹത്തിന് നാം നന്ദി കാണിക്കുകയും നമുക്കുണ്ടാകണമെന്ന് നാം ആഗ്രഹിക്കുന്നവ മറ്റുള്ളവർക്കും ആഗ്രഹിച്ചുകൊണ്ട് അവരെ സ്നേഹിക്കുകയും ചെയ്യണം.

**അൽ–ഹകം:** തികച്ചും നീതിയുക്തവും രക്ഷപ്പെടാൻ കഴിയാത്തതുമായ വിധികൽപ്പന പുറപ്പെടുവിക്കുന്ന ന്യായാധിപൻ.

**അൽ–അലീം:** പ്രത്യക്ഷമായതും പരോക്ഷമായതും ഭൂത, വർത്തമാന, ഭാവി കാലങ്ങളിലുള്ളതുമെല്ലാം അറിയുന്നവൻ. "**ഒരു ഇലയുംതന്നെ, അതവൻ അറിയാതെ (കൊഴിഞ്ഞു) വീഴുന്നതല്ല.**" (ഖുർആൻ 6:59).

**അൽ–റഊഫ്:** അറ്റമില്ലാത്ത ആർദ്രതയും സൗമ്യതയും കരുണയും അലിവുമുള്ള ദയാലു.

**അൽ–റസ്സാഖ്:** എല്ലാ ജീവജാലങ്ങൾക്കും ഉപജീവന മാർഗ്ഗവും സുരക്ഷയും മാർഗനിർദേശവും നൽകുന്ന ദാതാവ്. നാമോരോരുത്തർക്കും അവരവർക്ക് വിധിച്ചത് ലഭിക്കും. എന്നാൽ, അതിനായി അനുവദനീയമായ മാർഗ്ഗങ്ങളിൽ വഞ്ചനയോ അഴിമതിയോ ഇല്ലാതെ നാം പ്രവർത്തിക്കേണ്ടതുണ്ട്.

**അൽ–ഹഖ്:** ആത്യന്തികമായ സത്യ വചനങ്ങൾ പറയുന്ന ഏകസത്യദൈവമെന്ന പരമസത്യം. സത്യം നമുക്ക് അനുകൂലമായാലും പ്രതികൂലമായാലും, അല്ലാഹു അസത്യത്തിന്റെ ശത്രുവാണെന്ന ബോധ്യത്തോടെ, പറയുന്നതിലും ചെയ്യുന്നതിലും സത്യം കണ്ടെത്താനും അത് ഉയർത്തിപ്പിടിക്കാനും നാം പരിശ്രമിക്കണം.

**അൽ–ഹലീം:** പാപികളോടും, തെറ്റ് ചെയ്യുന്നവരോടും, എന്തിനധികം തന്നെ നിഷേധിക്കുകയോ അവിശ്വസിക്കുകയോ ചെയ്യുന്നവരോട് പോലും ശാന്തമായി, ക്ഷമയോടെയും അവധാനതയോടെയും പെരുമാറുന്ന ക്ഷമാശീലൻ. അല്ലാഹു നമ്മുടെ തെറ്റുകൾ കണ്ടില്ലെന്ന് നടിക്കുന്നു, ചുറ്റുമുള്ളവരോട് നമ്മളും അങ്ങനെ ചെയ്യാൻ ശ്രമിക്കണം. കാരണം, വിദ്വേഷമുള്ളവർ യഥാർത്ഥത്തിൽ സ്വന്തത്തെ തന്നെയാണ് വേദനിപ്പിക്കുന്നത്.

**അൽ–മുജീബ്:** നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം നൽകുകയും പ്രതികരിക്കുകയും ചെയ്യുന്നവൻ. ആരാധനകളിലൂടെ അല്ലാഹുവിന്റെ സഹായം തേടാനും നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം നൽകാനും അവൻ ഇഷ്ടപ്പെടുന്നു.



# അൽ-മുജീബ്

المُجِيب

നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം നൽകുകയും പ്രതികരിക്കുകയും ചെയ്യുന്നവൻ. ആരാധനകളിലൂടെ അല്ലാഹുവിന്റെ സഹായം തേടാനും നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം നൽകാനും അവൻ ഇഷ്ടപ്പെടുന്നു.

# അല്ലാഹുവിന്റെ (ദൈവത്തിന്റെ) ഗുണങ്ങളും വിശേഷണങ്ങളും

ദൈവമാണെന്ന് അവകാശപ്പെടുന്ന മറ്റുള്ളവരിൽ നിന്ന് ഏകസത്യദൈവമായ അല്ലാഹുവിനെ (ദൈവത്തെ) വേർതിരിക്കുന്ന ചില ഗുണങ്ങളും വിശേഷണങ്ങളും ഇവയാണ്:

- ഏകസത്യദൈവമായ അല്ലാഹു അതുല്യമായ വിശേഷണങ്ങൾക്കുടമയാണ്. അവനെപ്പോലെ ആരുമില്ല, മനുഷ്യന്റെയോ മൃഗങ്ങളുടെയോ സ്വഭാവങ്ങളൊന്നും അവനിൽ ആരോപിക്കാനുമാവില്ല.
- ഈ സത്യദൈവമാണ് യഥാർത്ഥ സ്രഷ്ടാവ്, അവൻ സൃഷ്ടിക്കപ്പെട്ടവനോ ജനിച്ചവനോ അല്ല.
- ഏകസത്യദൈവമായ അല്ലാഹു നമ്മെ സൃഷ്ടിച്ചിരിക്കുന്നത് അവനെ മാത്രം ആരാധിക്കാൻ വേണ്ടിയാണ്. ദൈവത്തെ മാത്രം ആരാധിക്കുമ്പോൾ, വിഗ്രഹങ്ങൾ, വിശുദ്ധർ, പ്രശസ്തർ, പണം തുടങ്ങി മറ്റെല്ലാത്തിന്റെയും ആരാധനയിൽ നിന്ന് നാം മോചനം നേടുന്നു.
- യഥാർത്ഥമായ അല്ലാഹു (ദൈവം) ഏകനാണ്, മൂന്നോ അതിലധികമോ അല്ല! അവന് പങ്കാളികളോ തുല്യരോ ഇല്ല.
- അല്ലാഹുവിനെ (ദൈവത്തെ) മനുഷ്യർക്കോ മറ്റ് സൃഷ്ടികൾക്കോ ഈ ജീവിതത്തിൽ കാണാൻ കഴിയില്ല.
- അല്ലാഹു (ദൈവം) അവന്റെ സൃഷ്ടിയുടെ ഏതെങ്കിലും ഭൗതിക രൂപങ്ങളിൽ അവതരിക്കുകയോ പ്രത്യക്ഷപ്പെടുകയോ ചെയ്തിട്ടില്ല.
- അല്ലാഹു (ദൈവം) അനശ്വരനാണ്. മരണമോ മാറ്റമോ അവനില്ല.
- അല്ലാഹുവിന് (ദൈവത്തിന്) അമ്മ, ഭാര്യ, മകൻ പോലുള്ള ആരുടെയും അല്ലെങ്കിൽ ഒന്നിന്റെയും ആവശ്യമില്ല, ഭക്ഷണമോ പാനീയമോ മറ്റേതെങ്കിലും തരത്തിലുള്ള സഹായമോ ആവശ്യമില്ല. മറ്റുള്ളവർക്ക് അവനെയാണ് ആവശ്യം.
- ആരെങ്കിലും അല്ലെങ്കിൽ എന്തെങ്കിലും അല്ലാഹു (ദൈവം) ആണെന്ന് വാദിച്ചാൽ, അതിനെ വിലയിരുത്താൻ നമുക്ക് ഈ മാനദണ്ഡങ്ങളും ഗുണങ്ങളും (അതുപോലെ, അവന് മാത്രമുണ്ടാകുന്ന മറ്റു കാര്യങ്ങളും) ഉപയോഗിക്കാം.

# ഇനിയുമറിയാൻ ആകാംക്ഷയുണ്ടോ?

ഇസ്‌ലാമിനെക്കുറിച്ച് കൂടുതൽ വിവരങ്ങളും വിശദാംശങ്ങളും അറിയാൻ നിങ്ങൾക്ക് ആകാംക്ഷയും താൽപര്യവുമുണ്ടെങ്കിൽ, ദയവായി ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക:

**www.discoveritsbeauty.com**

## "അതിന്റെ സൗന്ദര്യം കണ്ടെത്തു" സീരീസ്:

1. ഇതൊരു തുടക്കം മാത്രം
2. ആദമിന്റെയും ഹവ്വയുടെയും മതം
3. ഇസ്‌ലാമിന്റെ അടിസ്ഥാന തത്വങ്ങൾ
4. മനുഷ്യരാശിയെ കുഴക്കിയ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ
5. അല്ലാഹുവിന്റെ മനോഹര നാമങ്ങൾ
6. അന്തിമ വെളിപാട്
7. അന്ത്യ ദൂതൻ

## ഉപകാരപ്രദമായ ഇസ്‌ലാമിക വെബ്സൈറ്റുകൾ:

http://www.allahsquran.com

http://www.quranexplorer.com

http://www.islamhouse.com

http://www.edialogue.org

http://www.islamreligion.com

http://www.newmuslimguide.com

http://www.guidetoislam.com/en/

## സത്യസാക്ഷ്യവചനം
(ഇസ്‌ലാമിലേക്കുള്ള കവാടം)


“അല്ലാഹു അല്ലാതെ ഒരു ദൈവവുമില്ലെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു, മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.” അറബിയിൽ അത് ഇങ്ങനെ വായിക്കാം:





അതിന്റെ ഉച്ചാരണം ഇങ്ങനെയാണ്:

**അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹ്**
**വ അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്.**

ഇസ്‌ലാം സ്വീകരിക്കാൻ ഒരാൾ ഉച്ചരിക്കേണ്ട വിശ്വാസ സാക്ഷ്യമാണിത്; ഇസ്‌ലാമിക സൗന്ദര്യത്തിന്റെയും ലാളിത്യത്തിന്റെയും സത്യത്തിന്റെയും സംഗ്രഹമാണിത്.






GLOBAL ACADEMY FOR TRANSLATION AND EDUCATION (GATE)
LONDON | THE UNITED KINGDOM
വിവർത്തനം: AL-ANDALUS GROUP LTD
WWW.ALANDALUSGROUP.ORG

كتاب أسماء الله الحسنى باللغة المالايالامية